GOVT. BRENNEN COLLEGE
CENTRAL LIBRARY
THALASSERY

**K20U 1450**

**Reg. No.:** ..............................

**Name :** ..............................

## V Semester B.A. Degree (CBCSS-Reg./Sup./Imp.) Examination, November 2020
## (2017 Admn. Onwards)
## CORE COURSE IN MALAYALAM
## 5B08 MAL : നോവൽ സാഹിത്യം

Time : 3 Hours                                                                 Max. Marks : 40

I. **300** വാക്കിൽ കവിയാതെ ഏതെങ്കിലും **രണ്ടു** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

1) കേരളത്തിന്റെ തകരുന്ന ഫ്യൂഡൽ വ്യവസ്ഥയെയും ഉയരുന്ന ദേശീയ മുതലാളിത്തത്തെയും ചിത്രീകരിക്കുകയായിരുന്നു ഇന്ദുലേഖയുടെ ലക്ഷ്യം – ചർച്ച ചെയ്യുക.

2) സി. വി. യുടെ ചരിത്രാഖ്യായികകളുടെ സ്വഭാവസവിശേഷതകൾ വിശകലനം ചെയ്യുക.

3) ബഷീർസാഹിത്യം മലയാളത്തിൽ ഉദാത്തശോഭയോടെ ഒറ്റപ്പെട്ടുനിൽക്കുന്ന സാഹിത്യപ്രപഞ്ചമാണെന്നു പറയുന്നതെന്തുകൊണ്ട് ?

4) സ്ത്രീഹൃദയത്തിന്റെ സങ്കീർണഭാവങ്ങൾ വരച്ചു കാണിക്കുന്നതിൽ അസാധാരണ രചനാവൈഭവമുള്ള എഴുത്തുകാരിയാണ് രാജലക്ഷ്മി. പരിശോധിക്കുക. **(2×7=14)**

II. **150** വാക്കിൽ കവിയാതെ ഏതെങ്കിലും **നാല്** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

5) തൊഴിലാളിവർഗ്ഗത്തിന്റെ ആത്മാഭിമാനത്തിന്റെ പ്രതിബിംബമാണ് ഓടയിൽ നിന്ന് എന്ന നോവലിലെ പപ്പു – പരിശോധിക്കുക.

6) കഥാപാത്രനിരൂപണം നടത്തുക – പഞ്ചുമേനോൻ.

7) മലയാളത്തിലെ ആദ്യകാലനോവലുകളെക്കുറിച്ച് ലഘുവിവരണം തയ്യാറാക്കുക.

8) തത്ത്വചിന്താധിഷ്ഠിതമായും അനുഭവാത്മകമായും ഒരേസമയം പുതിയകാലത്തെ നോക്കിക്കാണുന്ന നോവലാണ് മനുഷ്യന് ഒരാമുഖം – പരിശോധിക്കുക.

9) ധർമ്മരാജ എന്ന നോവലിൽ പ്രത്യക്ഷപ്പെടുന്ന രണ്ടു ഹരിപഞ്ചാനനൻമാരുടെ രഹസ്യങ്ങൾ കണ്ടെത്തുക.

10) എൻ. പ്രഭാകരന്റെ രചനാസവിശേഷതകൾ ‘ജനകഥ’ എന്ന നോവലിനെ മുൻനിർത്തി പരിശോധിക്കുക. **(4×3=12)**

P.T.O.

III. **100** വാക്കിൽ കവിയാതെ ഏതെങ്കിലും **നാല്** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

11) 'ജനകഥ' എന്ന നോവലിൽ പ്രകടമാകുന്ന അനുഷ്ഠാനകലാരൂപം ഏത് ? പരാമർശം വ്യക്തമാക്കുക.

12) "അയ്യാവ് ! ഇത്തടിയന് ഇപ്പോം കമത്തിം മലത്തിമിട്ടടിച്ചാലും കൂറപ്പേൻ പോലും നുള്ളിയെടുപ്പാൻ കാണൂല." – സന്ദർഭം വ്യക്തമാക്കുക.

13) "ഞാൻ കണ്ടുപിടിക്കുമെന്നു പറയുന്ന രഹസ്യം ഇതാണ്, മേം സാഹിബ് ! ആരോടും പറഞ്ഞിട്ടില്ല" – ആരുടെ വാക്കുകൾ ? സന്ദർഭമേത് ?

14) "എന്നെ മുഴുവനോടെയല്ലേ തങ്കക്കുടം കട്ടത് ! കള്ളിപ്പെണ്ണേ !" – സന്ദർഭം വിവരിക്കുക.

15) പഞ്ചുമേനോന്റെ ശപഥം എന്തായിരുന്നു ? അതിനുള്ള കാരണം വ്യക്തമാക്കുക.

16) കേശവദേവിന്റെ മനുഷ്യദർശനം വ്യക്തമാക്കുന്ന കൃതിയാണ് ഓടയിൽ നിന്ന് – പരിശോധിക്കുക. **(4×2=8)**

IV. ഒറ്റ വാക്കിലോ വാക്യത്തിലോ ഏതെങ്കിലും **ആറ്** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

17) 'ഇന്ദുലേഖ' പ്രസിദ്ധീകൃതമായ വർഷം ഏത് ?

18) 'സമുദ്രശിലകൾ' എന്ന നോവൽ എഴുതിയത് ?

19) ധർമ്മരാജ എന്ന നോവലിൽ സംഭാഷണത്തിനിടയിൽ കഥകളിപദങ്ങൾ ധാരാളം ഉപയോഗിക്കുന്ന കഥാപാത്രം ?

20) 'കലഹവും വിശ്വാസവും' എന്ന കൃതിയുടെ കർത്താവ് ?

21) 'ഉപ്പുപ്പാന്റെ കുയ്യാനകൾ' എന്ന കൃതി ആരുടെ നോവലുകളെക്കുറിച്ചുള്ള വിമർശനമാണ് ?

22) ത്രിപുരസുന്ദരിക്കുഞ്ഞമ്മ സി.വി.യുടെ ഏത് നോവലിലെ കഥാപാത്രമാണ് ?

23) മഞ്ഞ് എന്ന നോവലിലെ കേന്ദ്രകഥാപാത്രത്തിന്റെ പേരെന്ത് ?

24) ഇന്ദുലേഖ എന്ന നോവലിന്റെ അനുകരണമായി കരുതപ്പെടുന്ന നോവൽ ഏത് ? **(6×1=6)**

---